നമ്പർ:ജി.(1)40002/2008. സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 15-09-2008

## സർക്കുലർ നമ്പർ: 63/08.

വിഷയം:- സഹകരണ വകുപ്പ് - "സഹകരണ നവരത്നം" ബംബർ ലോട്ടറി 2008 - സംബന്ധിച്ച്.

സൂചന:- 09-09-2008 ലെ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

1. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ദുർബല വിഭാഗം സഹകരണ സംഘങ്ങളെയും ഉപഭോക്തൃ സഹകരണ സംഘങ്ങളെയും, വിദ്യാഭ്യാസ, ആശുപത്രി സഹകരണ സംഘങ്ങളെയും, "കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ" നേയും പുനരുദ്ധരിക്കുന്നതിനും, വിലക്കയറ്റ വിരുദ്ധ ചന്തകൾ നടത്തുന്നതിനും ആയതിന് മുൻകൈയെടുക്കുന്ന കൺസ്യൂമർ ഫെഡറേഷൻ, എഴുത്തുകാരുടെ സഹകരണ സംരംഭമായ സാഹിത്യപ്രവർത്തക സഹകരണ സംഘമുൾപ്പെടെയുള്ള പ്രത്യേക സഹകരണ സംഘങ്ങളെയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി നിസ്വാർത്ഥമായ പ്രവർത്തനം നടത്തിയിട്ടുള്ള അശരണരായ സഹകാരികളെയും സഹായിക്കുന്നതിനും ആവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനുമാണ് സഹകരണ നവരത്നം ബംബർ ലോട്ടറി നടത്തുന്നത്.
2. 2008 സെപ്തംബർ 21-ന് ടിക്കറ്റ് വിൽപന ആരംഭിച്ച് 2008 നവംബർ 24 ന് നറുക്കെടുപ്പ് നടത്തുന്ന രൂപത്തിലാണ് ഇതു നടത്തുന്നത്.
3. അഞ്ച് സീരീസിലുള്ള സഹകരണ നവരത്നം ബംബർ ലോട്ടറി ടിക്കറ്റിന്റെ വില 100/- രൂപയാണ്.
4. <u>സമ്മാന ഘടന</u>

| | |
|---|---|
| ഒന്നാം സമ്മാനം | - 2 കോടി രൂപ |
| രണ്ടാം സമ്മാനം | - 5 ലക്ഷം രൂപാ വീതം 10 പേർക്ക്. ആകെ 50 ലക്ഷം രൂപ |
| മൂന്നാം സമ്മാനം | - 1 ലക്ഷം രൂപാ വീതം 5 പേർക്ക്. ഓരോ സീരീസിലും 5 ലക്ഷം രൂപാ വീതം ആകെ 8 സമ്മാനങ്ങളിലായി 265520 പേർക്ക് സമ്മാനം നൽകുന്നു. |
| ആകെ സമ്മാനം | - 6.16 കോടി രൂപാ |

5. സഹകരണ സ്ഥാപനങ്ങൾ മുഖേന വിൽപന നടത്തുന്നതിനായി, ടിക്കറ്റ് വിതരണത്തിന്റെ സംസ്ഥാന ഏജന്റായി കൺസ്യൂമർ ഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
6. മറ്റ് സഹകരണ സ്ഥാപനങ്ങളെ കൺസ്യൂമർഫെഡ് താൽക്കാലിക ഏജന്റുമാരായി നിയോഗിക്കുന്നതാണ്.
7. ടിക്കറ്റ് വിൽപന ഏറ്റെടുക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് 20% കമ്മീഷൻ ആണ് ലഭിക്കുക. ടിക്കറ്റ് വാങ്ങേണ്ട മറ്റ് അപ്പക്സ് ബാങ്കുകൾ, ഫെഡറേഷനുകൾ, ബോർഡുകൾ, സംസ്ഥാന സഹകരണ യൂണിയൻ, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, മറ്റ് എല്ലാ സഹകരണ സംഘങ്ങളും, മറ്റ് വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളും, കമ്മീഷൻ കഴിച്ചുള്ള വില, അതാതു ജില്ലാ

സഹകരണ ബാങ്കുകളിലുള്ള കൺസ്യൂമർ ഫെഡറേഷന്റെ അക്കൗണ്ടിൽ അടയ്ക്കേണ്ടതും, അപ്രകാരം അടച്ച തുകയുടെ ചെലാൻ സഹിതം കൺസ്യൂമർ ഫെഡറേഷന്റെ ജില്ലാ തലത്തിലുള്ള റീജിയണൽ ആഫീസ്/അല്ലെങ്കിൽ കൺസ്യൂമർ ഫെഡറേഷൻ ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ സ്ഥാപനം എന്നിവിടങ്ങളിൽ ഹാജരാക്കി ടിക്കറ്റ് വാങ്ങേണ്ടതാണ്.

8. അംഗങ്ങൾ, ജീവനക്കാർ, തുടങ്ങിയവർക്ക് ടിക്കറ്റ് വിൽപന നടത്തേണ്ടതും, ടിക്കറ്റ് വില/കമ്മീഷൻ എന്നിവ പ്രത്യേകം വരവ് വയ്ക്കേണ്ടതുമാണ്.
9. സഹകരണ സംഘങ്ങൾ, പൊതു ഫണ്ട് ഉപയോഗിച്ച് സംഘത്തിന്റെ പേരിൽ ടിക്കറ്റ് എടുക്കുകയാണെങ്കിൽ ആയത് പ്രത്യേകം രജിസ്റ്ററിൽ സീരിയൽ നമ്പരുകൾ രേഖപ്പെടുത്തി മറുപുറത്ത് സംഘത്തിന്റെ സീൽപതിപ്പിച്ച് സംഘം പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ കൂട്ടുത്തരവാദിത്വത്തിൽ സൂക്ഷിക്കാവുന്നതും, ടി ടിക്കറ്റിന് സമ്മാനം ലഭിക്കുകയാണെങ്കിൽ സമ്മാന തുക സംഘത്തിന്റെ ജനറൽ ഫണ്ട്/പൊതു നന്മ ഫണ്ടിലേയ്ക്ക് സംഘം ഭരണസമിതി തീരുമാനത്തിനനുസൃതമായി വരവ് വയ്ക്കാവുന്നതുമാണ്.
10. ഏതെങ്കിലും കാരണവശാൽ നറുക്കെടുപ്പ് തീയതിയിൽ, വിൽക്കാൻ കഴിയാതെ ബാക്കി വരുന്നുണ്ടെങ്കിൽ ടി ടിക്കറ്റ്, നറുക്കെടുപ്പ് തീയതിയുടെ തലേദിവസം വൈകുന്നേരം സംഘത്തിന്റെ സീൽപതിച്ച് സംഘം പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ കൂട്ടുതരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതും അപ്രകാരം വിൽക്കാത്ത ടിക്കറ്റുകൾക്ക് സമ്മാനം ലഭിക്കുകയാണെങ്കിൽ ആയത് സംഘത്തിന്റെ ജനറൽ ഫണ്ട്/പൊതു നന്മ ഫണ്ടിലേയ്ക്ക് വരവു വയ്ക്കേണ്ടതുമാണ്.
11. ടിക്കറ്റ് വിൽപനയെ സംബന്ധിച്ച് പൊതുവായ പരസ്യം സർക്കാർ നൽകുന്നുണ്ടെങ്കിലും, സംഘം തലത്തിൽ ആവശ്യമായ പ്രചരണം പ്രാദേശിക തലത്തിൽ നൽകേണ്ടതാണ്. ഇതിനായി ബാനറുകൾ/പോസ്റ്ററുകൾ എന്നിവ സ്വന്തം ഫണ്ട് ഉപയോഗിച്ച് സംഘങ്ങൾക്ക് തയ്യാറാക്കാവുന്നതാണ്.
12. ലോട്ടറിയുടെ ടിക്കറ്റ് വിൽപനയും മറ്റിതര കാര്യങ്ങളും അവലോകനം ചെയ്യുന്നതിന് സംസ്ഥാന ജില്ലാ താലൂക്ക് തലങ്ങളിൽ ചുവടെ പരാമർശിക്കുന്നവരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

<u>സംസ്ഥാന തലം:-</u>

| | |
|---|---|
| • പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ ബാങ്ക് | ചെയർമാൻ |
| • ചെയർമാൻ, എല്ലാ അപ്പക്സ് ഫെഡറേഷനുകൾ/ബാങ്കുകൾ | അംഗങ്ങൾ. |
| • അഡീഷണൽ ചീഫ് സെക്രട്ടറി, സഹകരണ വകുപ്പ് | അംഗം |
| • ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ | അംഗം |
| • പ്രസിഡന്റ്/സെക്രട്ടറി, കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ, തിരുവനന്തപുരം.<br>• പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.<br>• സഹകരണസംഘം ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ – | അംഗം |
| • സഹകരണസംഘം രജിസ്ട്രാർ | കൺവീനർ |

**ജില്ലാ തലം:-**

- ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് — ചെയർമാൻ
- സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ — അംഗങ്ങൾ
- അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ) — അംഗങ്ങൾ
- ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക് — അംഗം
- സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മറ്റി അംഗം
- സംസ്ഥാന സഹകരണ ബാങ്കിന്റെ മാനേജിംഗ് കമ്മറ്റി അംഗം
- ജോയിന്റ് രജിസ്ട്രാർ(ആഡിറ്റ്)

  (മുകളിലെ മൂന്നുപേരും) — അംഗം
- ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ — അംഗങ്ങൾ
- അർബൻ ബാങ്കിന്റെ പ്രതിനിധി — അംഗം
- കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസീയേഷൻ ജില്ലാ പ്രസിഡന്റ്/ജനറൽ സെക്രട്ടറി — അംഗങ്ങൾ
- സഹകരണ മേഖലയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പ്രതിനിധി — അംഗങ്ങൾ
- ജോയിന്റ് രജിസ്ട്രാർ (ജനറൽ) — കൺവീനർ
- (ആവശ്യമുള്ള പക്ഷം ചെയർമാന് കൂടുതൽ അംഗങ്ങളെ കമ്മറ്റിയുടെ അംഗീകാരത്തോടെ നോമിനേറ്റ് ചെയ്യാവുന്നതാണ്.)

**താലൂക്ക് തലം:-**

- ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ — ചെയർമാൻ
- കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസീയേഷൻ പ്രതിനിധി — അംഗം
- അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) — അംഗം
- ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ — അംഗങ്ങൾ
- സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ — അംഗങ്ങൾ
- അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) — കൺവീനർ.

ഓരോ ജില്ലയിലും താലൂക്ക് അടിസ്ഥാനത്തിൽ ഭാഗ്യക്കുറി നടത്തിപ്പ് സംബന്ധിച്ച് എല്ലാ സംഘങ്ങളുടെയും ഒരു യോഗം സെപ്തംബർ 17, 18, 19 തീയതികളിൽ വിളിച്ചുചേർക്കേണ്ടതും സർക്കിൾ തലത്തിൽ നടത്തുന്ന ഓരോ യോഗത്തിലും ജോയിന്റ് രജിസ്ട്രാറും ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റും സർക്കിൾ സഹകരണ യൂണിയൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളും സംസ്ഥാന സഹകരണ യൂണിയന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും പ്രതിനിധികളും പങ്കെടുക്കേണ്ടതും പദ്ധതിയെപ്പറ്റി വിശദീകരി ക്കേണ്ടതുമാണ്.

ജില്ലാടിസ്ഥാനത്തിൽ സെപ്തംബർ 25, 26, 27 തീയതികളിൽ യോഗം ചേരേണ്ടതും യോഗത്തിൽ ബഹുമാനപ്പെട്ട പാർലമെന്റംഗം, ജില്ലയിലെ എം.എൽ.എ.മാർ ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരെകൂടി യോഗത്തിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

ജില്ലാടിസ്ഥാനത്തിലും, താലൂക്ക് തലത്തിലും, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സംഘങ്ങൾക്ക് പുറമെ, മറ്റ് വകുപ്പുകളുടെ കീഴിലുള്ള സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ, വിൽപന കേന്ദ്രങ്ങൾ എന്നിവ മുഖേനയും ടിക്കറ്റുകൾ വിൽക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

സംഘങ്ങൾ വിൽപനയ്ക്കായി ഏറ്റെടുക്കുന്ന ടിക്കറ്റുകൾ, ജീവനക്കാർ അവരുടെ സംഘങ്ങൾ, സംഘടനകൾ എന്നിവ മുഖേന വിൽക്കാവുന്നതും, അപ്രകാരം വിൽക്കുന്ന ടിക്കറ്റുകൾക്ക് ടിക്കറ്റ് വിലയുടെ 15% അധികരിക്കാതെ അവർക്ക് കമ്മീഷൻ അതാതു സംഘങ്ങൾക്ക് നൽകാവുന്നതാണ്.

ജില്ലാ തലത്തിൽ വിൽക്കേണ്ട ടിക്കറ്റുകളുടെ ടാർജറ്റ് ചുവടെ ചേർക്കുന്നു.

| ജില്ല | ടാർജറ്റ് |
|---|---|
| തിരുവനന്തപുരം | 3.25 കോടി |
| കൊല്ലം | 2.50 കോടി |
| ആലപ്പുഴ | 3.25 കോടി |
| പത്തനംതിട്ട | 2.00 കോടി |
| കോട്ടയം | 2.50 കോടി |
| ഇടുക്കി | 1.50 കോടി |
| എറണാകുളം | 3.50 കോടി |
| തൃശൂർ | 3.25 കോടി |
| പാലക്കാട് | 3.25 കോടി |
| മലപ്പുറം | 3.25 കോടി |
| കോഴിക്കോട് | 3.25 കോടി |
| വയനാട് | 3.25 കോടി |
| കണ്ണൂർ | 3.25 കോടി |
| കാസർഗോഡ് | 1.25 കോടി |
| ആകെ | 39.24 കോടി |

ടി ലക്ഷ്യത്തിനനുസൃതമായി ഓരോ സഹകരണസംഘങ്ങളുടെയും ടാർജറ്റ് ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി നിശ്ചയിച്ചു നൽകേണ്ടതാണ്.

താലൂക്ക് തല യോഗങ്ങളും ജില്ലാ തല യോഗങ്ങളും വിളിച്ചു ചേർത്തതിന്റെ മിനിറ്റ്സ് യഥാസമയം സഹകരണ സംഘം രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

ടി പരിപാടിയുടെ വിജയകരമായ നടത്തിപ്പ് ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതിനും ജില്ലാതല മോണിറ്ററിംഗ് കമ്മറ്റികളിൽ പങ്കെടുക്കുന്നതിനുമായി ചുവടെ പരാമർശിക്കുന്ന സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർമാർക്കു ചുമതല നൽകുന്നു.

| | |
|---|---|
| തിരുവനന്തപുരം | അഡീഷണൽ രജിസ്ട്രാർ (ജനറൽ) |
| കൊല്ലം | |
| പത്തനംതിട്ട | അഡീഷണൽ രജിസ്ട്രാർ (ആഡിറ്റ്) |
| കോട്ടയം | |
| ഇടുക്കി | |
| എറണാകുളം | |
| തൃശൂർ | അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) |
| പാലക്കാട് | |
| ആലപ്പുഴ | |
| മലപ്പുറം | |

| | |
|---|---|
| കോഴിക്കോട് | അഡീഷണൽ രജിസ്ട്രാർ<br>(ഐ.സി.ഡി.പി.) |
| വയനാട് | |
| കണ്ണൂർ | |
| കാസർഗോഡ് | |

സഹകരണ സംഘങ്ങൾ വാങ്ങിയ ടിക്കറ്റിന്റെ വിവരം ഓരോ ആഴ്ചയുടെയും അവസാനം അസിസ്റ്റന്റ് രജിസ്ട്രാർമാർ ജോയിന്റ് രജിസ്ട്രാർക്കും ജോയിന്റ് രജിസ്ട്രാർമാർ രജിസ്ട്രാർക്കും ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

| സംഘങ്ങളുടെ എണ്ണം | വാങ്ങിയ ടിക്കറ്റുകളുടെ എണ്ണം | വിൽപന നടത്തിയ ടിക്കറ്റുകളുടെ എണ്ണം | ബാക്കിയുള്ള ടിക്കറ്റുകളുടെ എണ്ണം |
|---|---|---|---|
| | | | |

ലോട്ടറി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കും സംശയ നിവാരണത്തിനുമായി ചുവടെ ചേർക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

1. അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) 0471 – 2331136 (Mob:9446564415)
2. ലോട്ടറി ഡയറക്ടറേറ്റ്(വിൽപന വിഭാഗം) 0471 – 2305193
3. മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ് 9388076020
4. ജനറൽ സെക്ഷൻ,സഹ.സംഘം രജിസ്ട്രാർ ആഫീസ്.0471–2330726 (എക്സ്റ്റൻഷൻ 245)

എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും മേൽ നിർദ്ദേശങ്ങൾ ജില്ലയിലെ എല്ലാ സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും (അപ്പക്സ്, സെൻട്രൽ സ്ഥാപനങ്ങൾ ഉൾപ്പെടെ) ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ലോട്ടറി ടിക്കറ്റ് വിൽപന നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്/-
റാണിജോർജ്ജ് ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
3. ചെയർമാൻ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
4. അഡീഷണൽ ചീഫ് സെക്രട്ടറി, സഹകരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്,തിരുവനന്തപുരം.
5. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് ഫെഡറേഷനുകൾക്കും.
6. പ്രസിഡന്റ്/ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ.
7. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും. (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
9. ചെയർമാൻ/സെക്രട്ടറി, സർക്കിൾ സഹകരണ യൂണിയനുകൾ. (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)

10. പ്രസിഡന്റ്/സെക്രട്ടറി, കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
12. സഹകരണസംഘം ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ.
13. എല്ലാ സംഘങ്ങൾക്കും. (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
14. എഡിറ്റർ, സഹകരണ വീഥി.
15. എഡിറ്റർ സഹകരണ ജേർണൽ.
16. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരി പത്രം സഹിതം)
17. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.